MONDAY 11-07-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/07/2022.

1. പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതിയുടെയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെയും ഖാരിഫ് 2022 സീസണിലേക്കുള്ള വിജ്ഞാപനമായി. പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതിയിൽ വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കരിമ്പ്, ഏലം, കുരുമുളക്, ജാതി, കൊക്കോ, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക, പച്ചക്കറികൾ എന്നീ വിളകളാണ് ഇടുക്കി ജില്ലയിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്. പദ്ധതിയിൽ ചേരേണ്ട അവസാന തീയതി ജൂലൈ 31 ആണ്. കർഷകർക്ക് www.pmfy.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും, ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും ഇൻഷ്വറൻസ് ബ്രോക്കർ പ്രതിനിധികൾ, മൈക്രോ ഇൻഷ്വറൻസ് പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാം. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ പദ്ധതിയിൽ ചേർക്കണം. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാറിന്റെ കോപ്പി, നികുതി രസീതിന്റെ കോപ്പി, ബാങ്ക് പാസ്ബുക്ക് കോപ്പി, പാട്ടത്തിൽ കൃഷി ചെയ്യുന്ന കർഷകരാണെങ്കിൽ പാട്ടക്കരാർ കോപ്പി എന്നിവ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായോ, അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് ഓഫീസുമായോ, **0471-2334493** എന്ന ഫോൺ നമ്പരിലോ, **1800-425-7064** എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

2. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2021-22 ലെ **ജൈവവൈവിധ്യ പത്രപ്രവർത്തകൻ (അച്ചടി മാധ്യമം), ജൈവവൈവിധ്യ മാധ്യമപ്രവർത്തകൻ (ദൃശ്യ, ശ്രവ്യമാധ്യമം)** തുടങ്ങിയ ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷകളും നാമനിർദ്ദേശങ്ങളും ക്ഷണിക്കുന്നു.

- **ജൈവവൈവിധ്യ പത്രപ്രവർത്തകൻ (അച്ചടി മാധ്യമം)**

തൊഴിൽപരമായി ജൈവവൈവിധ്യ വിഷയത്തെ ഉൾപ്പെടുത്തി പത്ര പ്രവർത്തനം നടത്തുന്നവരെയാണ് (Working Journalist) ഈ അവാർഡിനായി നാമനിർദ്ദേശം ചെയ്യേണ്ടത്. നാമനിർദ്ദേശത്തോടൊപ്പം നടപ്പുവർഷം (01.01.2021 മുതൽ 31.12.2021 വരെ) നാമ നിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി പ്രസിദ്ധീകരിച്ച

ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ, കുട്ടികളെ ഉൾപ്പെടുത്തിയുള്ള ജൈവവൈവിധ്യ ബോധവത്കരണലേഖനങ്ങൾ, ഫീച്ചറുകൾ, പംക്തികൾ തുടങ്ങിയവയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കണം. സസ്യങ്ങൾ, ജന്തുക്കൾ, കാർഷിക ജൈവവൈവിധ്യം എന്നിവ വിഷയമായി എഴുതിയ ലേഖനങ്ങൾ, സാധാരണ ജനങ്ങളുടെ ഇടയിലും പുതുതലമുറയ്ക്കിടയിലും പരിസ്ഥിതിബോധം സൃഷ്ടിക്കാനുതകുന്ന രചനകൾ എന്നിവയ്ക്കായിരിക്കും അവാർഡ് നിർണയത്തിൽ മുൻഗണന നൽകുന്നത്.

- **ജൈവവൈവിധ്യ മാധ്യമപ്രവർത്തകൻ (ദൃശ്യ, ശ്രവ്യമാധ്യമം)**

അവാർഡ് പ്രഖ്യാപന കാലയളവിൽ സംപ്രേഷണം ചെയ്ത ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വീഡിയോ ഡോക്ക്യുമെന്ററികൾ, ദൃശ്യ/ശ്രവ്യ മാധ്യമ റിപ്പോർട്ടുകൾ എന്നിവ ഇതിനായി പരിഗണിക്കും. സ്കൂൾ പഠനത്തിന്റെയും സ്കൂൾ പരിസ്ഥിതി ക്ലബ്ബുകളുടെയും ഭാഗമായി തയ്യാറാക്കുന്ന ഡോക്ക്യുമെന്ററികൾ പരിഗണിക്കുന്നതല്ല. ഡോക്ക്യുമെന്ററിയുടെ സംവിധായകനായിരിക്കും അവാർഡ് നൽകുന്നത്. ദൃശ്യ/ശ്രവ്യ മാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുന്ന റിപ്പോർട്ടുകളുടെ കാര്യത്തിൽ റിപ്പോർട്ടർക്കായിരിക്കും പുരസ്ക്കാരത്തിന് അർഹത. 20 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ/ഓഡിയോ മാത്രമേ പരിഗണിക്കുകയുള്ളൂ. വീഡിയോകൾ എം.പി.4 (MP 4) ഫോർമാറ്റിൽ ഉള്ളതായിരിക്കണം.

വിശദവിവരങ്ങളും അപേക്ഷകയുടെ മാതൃകയും www.keralabiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2724740 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമായ കോഴി കുഞ്ഞുങ്ങൾ 10 രൂപ നിരക്കിൽ 25 എണ്ണത്തിൽ കൂടുതൽ പൂവൻ കുഞ്ഞുങ്ങളുടെ ബുക്കിംഗ് എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണി മുതൽ 3 മണി വരെ സ്വീകരിക്കുന്നതാണ്. ഈ മാസം 12-നും (ജൂലൈ 12) വിൽപ്പന ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിന്റെ കീഴിലുള്ള വിപണന കേന്ദ്രത്തിൽ നിന്നും ഇഞ്ചിയുടെ പ്രോട്രേയിലുള്ള തൈകൾ വിപണനത്തിന് ലഭ്യമാണ്. ഒരു മാസം

വളർച്ചയുള്ള തൈകൾ ഒന്നിന് 3 രൂപ നിരക്കിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2383572** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് വേണ്ടി ഇറച്ചിക്കോഴികളെ വളർത്തി നൽകാൻ താൽപര്യമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ മാനേജിംഗ് ഡയറക്ടർ, കെപ്കോ, പേട്ട, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000922, 9495000915, 9495000918** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ (സെന്റർ ഫോർ ഇ-ലേണിംഗ്) ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന **'സസ്യ പ്രജനനവും നഴ്സറി പരിപാലനവും'** (Plant propagation and nursery management) എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറ് മാസമാണ് കോഴ്സിൻെ കാലാവധി. കുറഞ്ഞത് 50% മാർക്കോടുകൂടിയ എസ്.എസ്.എൽ.സിയോ തത്തുല്യ വിദ്യാഭ്യാസമോ ആണ് അടിസ്ഥാന യോഗ്യത. അപേക്ഷകർക്ക് സ്വന്തമായി ഇ-മെയിൽ ഐ.ഡിയും മൊബൈൽഫോൺ നമ്പരും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. യോഗ്യത തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കേണ്ടതാണ്. പ്രായപരിധിയില്ലാതെ ഏത് ജോലി ചെയ്യുന്നവർക്കും മറ്റു കോഴ്സുകൾ പഠിക്കുന്നവർക്കും ലോകത്തിന്റെ വിവിധ ഭാഗത്ത് താമസിക്കുന്നവർക്കും ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂലൈ 19 ആണ്. www.celkau.in/Online%20Courses/Login.aspx എന്നതാണ് രജിസ്ട്രേഷൻ ലിങ്ക്. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ **0487 2438567, 0487 2438565, 9497353389, 9567190858** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. റബ്ബർബോർഡ് ജൂലൈ 12-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് തേനീച്ചവളർത്തലിൽ പരിശീലനം നടത്തുന്നു. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

8. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 13,14 (13/07/22, 14/07/22) തീയതികളിൽ രാവിലെ 10 മുതൽ 5 വരെ **ആട് വളർത്തൽ** എന്ന വിഷയത്തിൽ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. കശുമാവിൽ പൂപ്പൽരോഗങ്ങൾ കണ്ടുവരുന്നുണ്ട്. മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ പശ ചേർത്ത് തളിക്കുക. രോഗലക്ഷണം കാണുകയാണെങ്കിൽ രോഗം ബാധിച്ച കമ്പുകൾ മുറിച്ചു മാറ്റി മുറിച്ച ഭാഗത്തു നിന്ന് 15 സെന്റിമീറ്റർ വരെ നീളത്തിൽ പക ചേർത്ത് തയ്യാറാക്കിയ ബോഡോ കുഴമ്പ് പുരട്ടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം